ക്കാനായി ഗവൺമെന്റ് എന്തെങ്കിലും നടപടികൾ സ്വീകരിക്കാനുദ്ദേശിക്കുന്നുണ്ടോ; അതുപോലെതന്നെ നവജാതശിശുക്കൾക്ക് കൊടുക്കുന്ന പ്രതിരോധ കുത്തിവയ്പുകളിൽ ഇത് അടിയന്തിരമായി ഉൾപ്പെടുത്തണമെന്ന് കേരളത്തിലെ പീഡിയാട്രീഷ്യൻസ് എല്ലാവരും തന്നെ അഭിപ്രായപ്പെട്ടിരിക്കുന്ന സാഹചര്യത്തിൽ കേരളംപോലെ ഹെൽത്ത്വൈസായിട്ട് ഇത്രയും മുന്നോട്ടു പോയിരിക്കുന്ന ഒരു സ്റ്റേറ്റ് ഇനിയും ഇക്കാര്യത്തിൽ മടിച്ചുനിൽക്കുന്നത് ശരിയാണോ?

ശ്രീ. എ.സി ഷൺമുഖദാസ് : അങ്ങ് ഇവിടെ ചൂണ്ടിക്കാണിച്ച ഒൻപത് ലക്ഷംപേരും വളരെ വലിയ ഗൗരവമേറിയ രോഗത്തിന്റെ അതികാഠിന്യത്തിൽ നിൽക്കുന്നവരല്ല. രോഗത്തിന്റെ അതികാഠിന്യത്തിൽ എത്തുന്നവരെ സംബന്ധിച്ചിടത്തോളം ഇന്ന് ഗവൺമെന്റ് നേരിട്ട് കൊടുക്കുന്ന ചികിൽസയുടെ ഭാഗമായി അവർക്ക് ആവശ്യമായി കൊടുക്കേണ്ട മരുന്ന് ലഭ്യമാക്കാൻ മരുന്നിന്റെ പർച്ചേസിന് അലോട്ടുമെന്റ് ഇല്ലെങ്കിലും ലോക്കൽ പർച്ചേസ് നടത്തുന്നുണ്ട്. ഹെഡ് ഓഫ് ഡിപ്പാർട്ടുമെന്റും ഇക്കാര്യത്തിലുള്ള തീരുമാനത്തിന് വിധേയമായി ആവശ്യമായ മരുന്ന് ലോക്കൽ പർച്ചേസ് നടത്തി കൊടുക്കുന്ന സംവിധാനമുണ്ട്. ഇപ്പറഞ്ഞ കൂട്ടത്തിൽ പ്രതിരോധ കുത്തിവയ്പ്പിനെ സംബന്ധിച്ചിടത്തോളം കേന്ദ്രഗവൺമെന്റിന് ഞാൻ തന്നെ നേരിട്ട് മുൻ ഗവൺമെന്റിന്റെ കാലത്ത് കത്തയച്ചിട്ടുണ്ടായിരുന്നു. വീണ്ടും ആ വിഷയം കേന്ദ്രഗവൺമെന്റുമായി ടേക്ക് അപ് ചെയ്തിട്ടുണ്ട്. ഇതുവരേയും അക്കാര്യത്തിൽ അനുകൂലമായ നിലപാട് അവർ സ്വീകരിച്ചതായി അറിവില്ല. സംസ്ഥാന ഗവൺമെന്റ് ഗ്രാമ പഞ്ചായത്തുകളുമായി സഹകരിച്ച് നവജാതശിശുക്കൾക്കെങ്കിലും ഇതിന്റെ പ്രതിരോധകുത്തിവയ്പ് കൊടുക്കുന്നതിനെ സംബന്ധിച്ച് ഒരു തവണ ആലോചിച്ചിരുന്നു. അതിൽ അന്തിമ തീരുമാനമൊന്നും എടുത്തിട്ടില്ല.

(ചോദ്യോത്തരസമയം കഴിഞ്ഞു)

(ii) രേഖാമൂലം നൽകിയ ഉത്തരങ്ങൾ

(1) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

ഹൃദ്രോഗചികിത്സാ ചെലവ്

5 (*151)ശ്രീ. തമ്പാനൂർ രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഹൃദ്രോഗികളുടെ എണ്ണം വർദ്ധിച്ചുവരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതിനെക്കുറിച്ച് പഠനം നടത്തിയിട്ടുണ്ടോ;

(സി) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ഡി) ഹൃദ്രോഗ ചികിത്സാചെലവ് സാധാരണക്കാർക്ക് താങ്ങാൻ പറ്റാത്തതാണെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) ഹൃദ്രോഗ ചികിത്സാച്ചെലവ് സാധാരണക്കാർക്ക് താങ്ങാവുന്ന സാഹചര്യം സൃഷ്ടിക്കുന്നതിനുവേണ്ടി എന്തൊക്കെ നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. എ.സി. ഷൺമുഖദാസ്) :

(എ) ആശുപത്രികളിൽ ചികിത്സയ്ക്കായി എത്തുന്ന ഹൃദ്രോഗികളുടെ എണ്ണം വർദ്ധിച്ചിട്ടുണ്ട് എന്നാണ് കാണുന്നത്.

(ബി)&(സി) കാർഡിയാക് സൊസൈറ്റി ഓഫ് ഇന്ത്യ കേരള ചാപ്റ്ററിന്റെ ആഭിമുഖ്യത്തിൽ കേരളത്തിലെ വർദ്ധിച്ചുവരുന്ന ഹൃദ്രോഗികളുടെ എണ്ണത്തെക്കുറിച്ച് പഠനം നടത്തിവരുന്നതു കൂടാതെ ലോകാരോഗ്യ സംഘടനയുടെ ആഭിമുഖ്യത്തിൽ തിരുവനന്തപുരം ,മെഡിക്കൽ കോളേജ്, മംഗലാപുരം, കഴക്കൂട്ടം എന്നീ സെന്ററുകൾ കേന്ദ്രമാക്കി പഠനം നടത്തിവരുന്നു.

(ഡി)&(ഇ) ഹൃദ്രോഗചികിത്സ പൊതുവെ ഭാരിച്ച ചെലവ് വരുന്ന ഒന്നാണ്. ഇത് കണ്ടുകൊണ്ട് ചികിത്സാച്ചെലവ് സാധാരണക്കാർക്ക് താങ്ങാവുന്ന സാഹചര്യം സൃഷ്ടിക്കുന്നതിന് സംസ്ഥാന സർക്കാർ പല നടപടികളും കൈക്കൊണ്ടു. ഹൃദ്രോഗചികിത്സയ്ക്കാവശ്യമായ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നത് വളരെ സാമ്പത്തികബാദ്ധ്യതയുളവാക്കുന്നതാണ്. ബഡ്ജറ്റിൽ പണം ലഭ്യമാകാത്ത, വലിയ മുതൽമുടക്കുള്ള പല ഉപകരണങ്ങളുടേയും സജ്ജീകരണങ്ങളുടേയും അപര്യാപ്തത ആശുപത്രികളിൽ ചൂണ്ടിക്കാണിക്കപ്പെടാറുണ്ട്. ഇതിന് പരിഹാരമായി ധനകാര്യസ്ഥാപനങ്ങളിൽനിന്നും കടം എടുത്ത് കെ.എച്ച്.ആർ.ഡബ്ല്യു.എസ്. പല യന്ത്രോപകരണങ്ങളും മെഡിക്കൽ കോളേജുകളിൽ ഏർപ്പെടുത്തിയിട്ടുണ്ട്. അപ്രകാരം സംസ്ഥാനത്ത് തിരുവനന്തപുരം, കോഴിക്കോട് മെഡിക്കൽകോളേജ് ആശുപത്രികളിൽ കെ.എച്ച്.ആർ.ഡബ്ല്യു.എസിന്റെ സഹകരണത്തോടെ കാർഡിയാക് കാത്ത്ലാബ് സ്ഥാപിച്ചതോടെ കൊറോണറി ആന്റിജിയോപ്ലാസ്റ്റി, കൊറോണറി സ്റ്റെൻടിംഗ്, പെരിഫറൽ ആൻജിയോ പ്ലാസ്റ്റി, ബലൂൺ വാൽവ് ലോപ്ലാസ്റ്റി, കോയിൽ ഇംപ്ലാന്റേഷൻ എന്നീ ചികിത്സകൾ ചെയ്തു വരുന്നു. പെയ്സ് മേക്കർ ചികിത്സയും ചെയ്യുന്നുണ്ട്. കോറോണറി ബൈപാസ് സർജറി, സിംഗിൾ ആന്റ് ഡബിൾ വാൽവ് റീപ്ലേസ്മെന്റ്, മൈട്രൽ വാൽവോട്ടമി, പേറ്റർ ഡക്റ്റസ്, അൾട്ടീരിയോസസ് എന്നിവയും ഇവിടെ ചെയ്യുന്നുണ്ട്. ജൻമനായുള്ള ഹൃദ്രോഗ ചികിത്സയും ഇവിടെ ചെയ്യുന്നു. ഫെയ്സ് മേക്കർ ചികിത്സയും ചെയ്യുന്നുണ്ട്. ആഴ്ചയിൽ 8 മുതൽ 10 വരെ എന്ന കണക്കിൽ ഓപ്പൺഹാർട്ട് സർജറിയും 3-4 എന്ന കണക്കിന് മറ്റ് ഹൃദയശസ്ത്രക്രിയകളും ചെയ്യുന്നുണ്ട്. മേൽപ്പറഞ്ഞ ചികിത്സാ സൗകര്യങ്ങൾ മെഡിക്കൽകോളേജ് ആശുപത്രികളിൽ ഏർപ്പെടുത്തിയതോടെ അത്തരം ചികിത്സകൾക്ക് വേണ്ടിവരുന്ന ചെലവ് വളരെ കുറയുകയുണ്ടായി. ഹൃദ്രോഗ ചികിത്സയയുടെ നിരക്കുകൾ 1.4.99 മുതൽ കെ.എച്ച്.ആർ.ഡബ്ല്യു.എസ്. വീണ്ടും ഗണ്യമായി കുറയ്ക്കുകയുണ്ടായി. കൊറോണറി ആൻജിയോഗ്രാമിന്റെ ഫീസ് പതിനായിരത്തിൽനിന്ന് ആറായിരമായാണ് കുറച്ചത്. ഹാർട്ട് കാത്തറൈസേഷൻ നിരക്ക് പതിനായിരത്തിൽനിന്ന് അയ്യായിരമായും കുറയ്ക്കുകയുണ്ടായി.

പ്രതിവർഷം ഇരുപത്തിനാലായിരം രൂപയിൽ കുറവ് കുടുംബവരുമാനമുള്ള രോഗികൾക്ക് ഹൃദയശസ്ത്രക്രിയ ഉൾപ്പെടെയുള്ള ഏതാനും രോഗങ്ങളുടെ ചികിത്സയ്ക്കായി ധനസഹായം അനുവദിക്കുന്നതിനായി 'സൊസൈറ്റി ഫോർ മെഡിക്കൽ അസിസ്റ്റന്റ്സ് ടു ദി പുവർ' എന്ന പേരിൽ ഒരു സൊസൈറ്റി 1999 ജൂണിൽ സംസ്ഥാന സർക്കാർ രൂപീകരിച്ചു. ഇത് പ്രകാരം പരമാവധി അൻപതിനായിരം രൂപവരെ ധനസഹായം അനുവദിക്കുന്നുണ്ട്. 78 പേർക്ക് ഇതിനകം സഹായധനം അനുവദിച്ചുകഴിഞ്ഞു.

LIBRARY ARCHIVES Kerala Legislative Assembly

കൂടാതെ സാമ്പത്തിശേഷി തീരെകുറഞ്ഞവർക്ക് കെ.എച്ച്.ആർ. ഡബ്ല്യു.എസ്.ഉം ആശുപത്രി വികസന സമിതികളും ചികിത്സയ്ക്കായി സൗജന്യങ്ങൾ അനുവദിക്കാറുണ്ട്.

ക്രിസ്തുമസ്, റംസാൻ സീസണുകളിലെ റേഷൻ വിതരണം

6 (*152)ശ്രീ. കെ.പി. സതീശ് ചന്ദ്രൻ :

ശ്രീ. ആനത്തലവട്ടം ആനന്ദൻ :

ശ്രീ. എം.വി. ജയരാജൻ :

ശ്രീ. വർഗ്ഗീസ് വൈദ്യർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്രിസ്തുമസും, റംസാനും പ്രമാണിച്ച് സംസ്ഥാനത്തെ റേഷൻ കാർഡ് ഉടമകൾക്ക് റേഷൻ സാധനങ്ങൾക്ക് പുറമേ കൂടുതൽ അരി, പഞ്ചസാര, പച്ചരി തുടങ്ങിയ സാധനങ്ങൾ വിതരണം ചെയ്യുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(സി) ക്രിസ്തുമസ്, റംസാൻ സീസണുകളിൽ സംസ്ഥാനത്തെ സ്കൂൾ വിദ്യാർത്ഥികൾക്ക് സൗജന്യ അരി നൽകുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ഡി) ക്രിസ്തുമസ്, റംസാൻ സീസണുകളിൽ സാധാരണ റേഷൻ സാധനങ്ങൾക്ക് പുറമേ സംസ്ഥാനത്ത് വിതരണം ചെയ്യുന്നതിനാവശ്യമായ റേഷൻ സാധനങ്ങൾ ശേഖരിച്ചു കഴിഞ്ഞുവോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ഇ) സംസ്ഥാനത്ത് സിവിൽ സപ്ലൈസ് കോർപ്പറേഷൻ നടത്താനുദ്ദേശിക്കുന്ന ക്രിസ്തുമസ്, റംസാൻ ഫെയറുകൾ എപ്പോൾ ആരംഭിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ?

ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ) :

(എ) ഉണ്ട്.

(ബി) ക്രിസ്തുമസ്, റംസാൻ എന്നീ ഉത്സവങ്ങൾ പ്രമാണിച്ച് സംസ്ഥാനത്തെ റേഷൻ കാർഡ് ഉടമകൾക്ക് 19.12.99, 2.1.2000 എന്നീ തീയതികളിൽ തുടങ്ങുന്ന ആഴ്ചകളിൽ 25 കിലോഗ്രാം വീതം അരിയും ഒരു കിലോഗ്രാം വീതം പഞ്ചസാരയും സ്പെഷ്യലായി വിതരണം നടത്തുന്നതാണ്. നല്ലയിനം പച്ചരി ലഭ്യമാക്കാനും എഫ്.സി.ഐ.യോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(സി) ക്രിസ്തുമസിനും റംസാനും ഉച്ചഭക്ഷണ പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്ന സ്കൂൾ കുട്ടികൾക്ക് അഞ്ച് കിലോഗ്രാം വീതം അരി സൗജന്യമായി വിതരണം നടത്തുന്നുണ്ട്.

(ഡി) 13.12.1999-ൽ പച്ചരി, പുഴുക്കലരി എന്നീ ഇനങ്ങളിലായി മൊത്തം 193,885 മെട്രിക് ടൺ അരിയും 174, 216 മെട്രിക് ടൺ ഗോതമ്പു സ്റ്റോക്കുണ്ട്. വിതരണത്തിനാവശ്യമായ പഞ്ചസാരയും ലഭ്യമാക്കിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly